# മാർപാപ്പ സംവാദത്തിനൊരുക്കമാണോ?

എം. എം. അക്ബർ

''ഇറ്റലിയിലെ തൻെറ വേനൽക്കാല വസതിയായ കാസ്റ്റെൽ ഗാൻഡോൾ ഫോയിൽ ഇരുപത്തിരണ്ട് മുസ്ലിം രാജ്യങ്ങളുടെ പ്രതിനിധികളുമായി ആശയവിനിമയം നടത്തവെ മതാന്തര സംവാദങ്ങളുടെ ആവശ്യകതയെക്കുറിച്ച് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഊന്നിപ്പറഞ്ഞിരിക്കുന്നു.'' സെപ്റ്റംബർ 25ന് നടന്ന കൂടിക്കാഴ്ചയെപ്പറ്റി പിറ്റേന്നു വന്ന വാർത്ത. തൻെറ പ്രസ്താവനയോട് തീക്ഷ്ണമായി പ്രതികരിച്ചവരോടുള്ള ലോകത്തെ ബഹുഭൂരിപക്ഷം വരുന്ന കത്തോലിക്കാവിശ്വാസികളുടെ പരമോന്നത പീഠത്തിൻെറ നിഷ്കളങ്കമായ പ്രതികരണമായാണ് പോപ്പിൻെറ പ്രസ്താവനയെ മാധ്യമലോകം വിലയിരുത്തിയത്. സംവാദാഹ്വാനത്തിനു പിന്നിലെ മുള്ളുകളെക്കുറിച്ചറിയണമെങ്കിൽ രണ്ടാഴ്ചക്കാലത്തിനിടയിലെ 'വത്തിക്കാൻ വർത്തമാനങ്ങൾ' സൂക്ഷ്മാന്വേഷണത്തിന് വിധേയമാക്കുക തന്നെ വേണം.

സെപ്റ്റംബർ പതിനഞ്ചിന് മാധ്യമങ്ങൾ പുറത്തുവിട്ട പോപ്പിൻെറ വിവാദ പ്രസ്താവന അവിചാരിതമായി സംഭവിച്ചതാണെന്ന് കരുതുന്നതിൽ അർഥമില്ല. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ചിന്തിക്കാതെ അഭിപ്രായം പറയുന്ന വ്യക്തിയൊന്നുമല്ല. പോപ്പിൻെറ കുപ്പായം സ്വീകരിക്കുന്നതിനു മുമ്പുതന്നെ ജോസഫ് അലോയ്സ് ദത്സിംഗർ തൻെറ കൂർമബുദ്ധിക്കും ചിന്താപാടവത്തിനും കത്തോലിക്കാ ലോകത്ത് പ്രസിദ്ധനാണ്. ഏഴു ഭാഷകളിൽ അഗാധമായ പാണ്ഡിത്യമുള്ളയാൾ, ചരിത്രകാരൻ, അമേചർ ഗായകൻ, ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗത്ഭനായ ദൈവശാസ്ത്രജ്ഞൻ, വിദേശകാര്യങ്ങളിൽ പരിചയ സമ്പന്നൻ... ഇങ്ങനെയെല്ലാമുള്ള ഒരാൾക്ക് ജർമനിയിലെ റീജൻസ്ബർഗ് സർവകലാശാലയിൽ വെച്ച് ഒരു 'നാവിൽ പിശക്' ഉണ്ടായ താണെന്ന് കരുതുക ഏറെ പ്രയാസകരമാണ്. സമർഥനായ പോപ്പ് താനുദ്ദേശിച്ചത് നേടിക്കഴിഞ്ഞു എന്ന് ഉറപ്പുവരുത്തിയ ശേഷം നടത്തിയ ഖേദപ്രകടനം തന്നെ അദ്ദേഹത്തിൻെറ ബുദ്ധികൂർമതയ്ക്കുള്ള തെളിവാണ്. 'സോനനോ റമ്മറി കാറ്റോ' എന്ന ഇറ്റാലിയൻ വാചകമാണ് തൻെറ ഖേദപ്രകടനത്തിനുവേണ്ടി പോപ്പ് ഉപയോഗിച്ചത്. 'ഞാൻ ഖേദിക്കുന്നു' എന്നോ ഞാൻ നിരാശനായി എന്നോ ഈ പദസഞ്ചയത്തെ പരിഭാഷപ്പെടുത്താവുന്നതാണ്. എന്തിലാണ് പോപ്പ് നിരാശനായതും ഖേദിക്കുന്നതും? അദ്ദേഹം പറഞ്ഞതിലാണോ? അങ്ങനെയാകാൻ യാതൊരു സാധ്യതയും കാണുന്നില്ല. പ്രസ്തുത പ്രസ്താവനയെ ന്യായീകരിക്കുകയും അതിൽ മുസ്ലിംകൾക്ക് പ്രതിഷേധമുണ്ടായതിൽ ഖേദിക്കുകയും ചെയ്തുകൊണ്ടാണു പോലും അദ്ദേഹത്തിൻെറ വക്താവ് ഫ്രെഡറിക്കോ ലംബാർഡിയും പ്രസ്താവനക്കു ശേഷം മാധ്യമങ്ങളിൽ നിറഞ്ഞുനിന്നത്. അപ്പോൾ പിന്നെ തൻെറ പ്രസ്താവനയിൽ മുസ്ലിംകൾ പ്രതികരിച്ചതിലാണ് മാർപാപ്പ നിരാശനായത് എന്ന് കരുതുവാനേ ന്യായമുള്ളൂ. 'മുസ്ലിംകളോട് മാപ്പു പറഞ്ഞ മാർപാപ്പ'യെന്ന കളങ്കം തൻെറ മേൽ ചരിത്രകാരന്മാർ ചുമത്താതിരിക്കാൻ തക്കവണ്ണം സൂക്ഷ്മമായിത്തന്നെ പദങ്ങളുപയോഗിക്കുവാൻ പഴയ ബെനഡിക്ടുമാരിൽ നിന്ന് പാഠങ്ങൾ പഠിച്ച പതിനാറാമന് കഴിഞ്ഞിരിക്കുന്നു. ഇത്രയും കൂർമബുദ്ധിയുള്ള ഒരാളിൽനിന്ന് ഒരു 'നാക്കിൽ പിഴവ്' പ്രതീക്ഷിക്കുവാൻ കഴിയുമോ?

ക്രിസ്താബ്ദം 1304നും 1402നും മധ്യെ നടന്ന കോൺസ്റ്റാൻറിനോപ്പിൾ ഉപരോധത്തിൻെറ കാലത്ത് പാലയോ ലോഗസ് മാനുവൽ രണ്ടാമൻ ചക്രവർത്തിയും ഒരു അഭ്യസ്തവിദ്യനായ മുസ്ലിമും(?) തമ്മിൽ നടന്നുവെന്ന് പ്രൊഫസർ തിയോഡോർ ഖൂരി തൻെറ പുസ്തകത്തിൽ ഉദ്ധരിച്ച സംവാദം ഉദ്ധരിക്കുക മാത്രമാണ് താൻ ചെയ്തതെന്നാണ് മാർപാപ്പയുടെ വിശദീകരണം. അദ്ദേഹത്തിൻെറ പ്രഭാഷണം പൂർണമായി ഇൻറർനെറ്റിൽ ലഭ്യമാണ്. അത് വായിക്കുന്ന ആർക്കുമറിയാം ഈ വിശദീകരണത്തിൽ യാതൊരു കഴമ്പുമില്ലെന്ന്. ചക്രവർത്തിയുടെ പദങ്ങൾ സ്വന്തം ആശയങ്ങളായിത്തന്നെയാണ് മാർപാപ്പ ഉപയോഗിച്ചത്. ഇസ്ലാം അക്രമത്തിൻെറ മതമാണെന്നും അത് യുക്തിയോട് സംവദിക്കുന്നില്ലെന്നും സ്ഥാപിക്കുവാനാണ് മാർപാപ്പ ഈ കഥ അവതരിപ്പിക്കുന്നത്. മാർപാപ്പയെ ന്യായീകരിക്കുകയും മുസ്ലിംകളെ വെല്ലുവിളിക്കുകയും ചെയ്തുകൊണ്ട് ഫാദർ ഡോക്ടർ ജോസഫ് ഫെസ്റ്റിയോ തൻെറ ഇഗ്നേഷ്യസ് ഇൻസൈറ്റ് (ംംം.ശഴിമശേൗ ശിശെഴവ.രീാ) എന്ന വെബ്സൈറ്റിൽ എഴുതിയ ദീർഘമായ ലേഖനത്തിലും ഇതേ കാ

ര്യം സ്ഥാപിക്കുവാനാണ് പരിശ്രമിക്കുന്നത്. ഒപ്പം തന്നെ പതിനാലാം നൂറ്റാണ്ടിൽ മാനുവൽ രണ്ടാമൻ പറഞ്ഞ കാര്യങ്ങളത്രയും ശരിയാണന്ന് മാർപാപ്പയുടെ പ്രസംഗത്തോടുള്ള മുസ്‌ലിം പ്രതികരണങ്ങൾ തെളിയിക്കുന്നുണ്ടെന്നു കൂടി സമർഥിക്കുവാൻ അദ്ദേഹം പാടുപെടുന്നുണ്ട്. ഇതിൽനിന്നു തന്നെ ഈ വിവാദങ്ങളുടെ മുഴുവൻ ലക്ഷ്യവും എന്തായിരുന്നുവെന്ന് സുതരാം വ്യക്തമാവുന്നുണ്ട്.

ഇസ്‌ലാമിനെക്കുറിച്ച് ഒരുതരം അപകർഷതാബോധം വളർന്നുവരുന്ന മുസ്‌ലിംകളുടെ മനസ്സിൽ കുത്തിവെക്കുന്നതിനുവേണ്ടി മീഡിയയും മിഷനറിമാരും കൂടി കൊണ്ടുപിടിച്ച് പരിശ്രമിക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. ഏറെയൊന്നും ഫലംകാണുവാൻ കഴിഞ്ഞിട്ടില്ലാത്ത പ്രസ്തുത പരിശ്രമങ്ങളുടെ ഒരു തുടർച്ച മാത്രമാണ് പോപ്പിലൂടെ റീജൻസ്ബർഗ് സർവകലാശാലയിലുള്ളവർ ശ്രവിച്ചത്. ഇസ്‌ലാം പ്രാകൃത മതമാണെന്നും മുസ്‌ലിംകൾ ഇന്നും പ്രാകൃത സമ്പ്രദായങ്ങൾ തുടരുന്നവരാണെന്നും അന്ധമായ കുറെ വിശ്വാസപ്രമാണങ്ങളല്ലാതെ യുക്തിയുമായി സംവദിക്കാവുന്ന യാതൊരു ആദർശ സംഹിതയും ഇസ്‌ലാമിലില്ലെന്നും വരുത്തിത്തീർത്ത് മുസ്‌ലിം യുവാക്കളെ അപകർഷതാബോധമുള്ളവരാക്കിത്തീർക്കുകയാണ് ഇവരുടെയെല്ലാം ലക്ഷ്യം. അതിന്നു വേണ്ടി പ്രത്യേകം പടച്ചെടുക്കപ്പെട്ടതാണ് ഈ വിവാദമെല്ലാം എന്നു കരുതാനല്ലാതെ ന്യായമൊന്നും കാണുന്നില്ല.

ഏതായിരുന്നാലും പോപ്പ് മുസ്‌ലിംകളെ സംവാദത്തിന് ക്ഷണിച്ചിരിക്കുകയാണല്ലോ. മുസ്‌ലിംകൾ പ്രസ്തുത ക്ഷണം സർവാത്മനാ സ്വാഗതം ചെയ്യുകയാണ്. ''ദൈവത്തെയും മനുഷ്യനെയും കുറിച്ച ബൈബിളിന്റെയും ഖുർആനിന്റെയും ചിത്രങ്ങൾ'' എന്ന വിഷയത്തെക്കുറിച്ച് പതിനാറാം നൂറ്റാണ്ടിൽ മാനുവൽ രണ്ടാമൻ ചക്രവർത്തി സംവദിച്ചതിനെ ഉദ്ധരിച്ചുകൊണ്ടാണല്ലോ മാർപാപ്പ വിവാദത്തിന് തിരികൊളുത്തിയത്. പ്രസ്തുത വിഷയത്തെക്കുറിച്ചു തന്നെയാകട്ടെ സംവാദം. അതല്ലെങ്കിൽ ഇസ്‌ലാമും ക്രൈസ്തവതയും തമ്മിൽ അഭിപ്രായാന്തരമുള്ള ഏതു വിഷയവും സംവാദത്തിനായി എടുക്കാവുന്നതാണ്. മുസ്‌ലിംകൾ സംവാദത്തിനൊരുക്കമാണ്. ഇനി തീരുമാനിക്കേണ്ടത് വത്തിക്കാനാണ്. ഒന്നുകിൽ മുസ്‌ലിംകളുമായി വിഷയാധിഷ്ഠിതമായ സംവാദത്തിന് സന്നദ്ധമാവുക.അല്ലെങ്കിൽ മുസ്‌ലിംകൾ സംവാദത്തിനൊരുക്കമല്ലെന്ന പതിവു പല്ലവി ആവർത്തിക്കാതിരിക്കുക. സംവാദം മതപ്രബോധനത്തിന്റെ മാർഗമാണെന്ന് പഠിപ്പിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ. യുക്തിയുമായി പുറംതിരിഞ്ഞു നിൽക്കുവാൻ മുസ്‌ലിംകൾ കൽപിക്കപ്പെട്ടിട്ടേയില്ലെന്ന മനസ്സിലാക്കാനെങ്കിലും ഈ തുറന്ന വെല്ലുവിളി നിമിത്തമായെങ്കിലെന്ന് ചിന്തിക്കുകയാണ്.

''യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി അറിയുന്നതാണ്. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നതാണ്'' (വിശുദ്ധ ഖുർആൻ 16: 125).